# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126

21.03.2012 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ പുനരാരംഭിക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ. അച്ചുതൻ
ശ്രീ. എം. പി. വിൻസെന്റ്
ശ്രീ. ഐ.സി. ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കാർഷിക വായ്പ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പകൾ നൽകുന്നത് നിർത്തിവച്ചിട്ടില്ല. എന്നാൽ നബാർഡിൽ നിന്ന് പുനർവായ്പ ലഭിക്കാത്തതിനാൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പ്രയാസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ നൽകി വരുന്നുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 2011-12 വർഷം 867.41 കോടി രൂപക്കുള്ള ഹ്രസ്വകാല കാർഷിക വായ്പാ പരിധി നിശ്ചയിച്ച് സംസ്ഥാന സഹകരണ ബാങ്ക് നബാർഡിന് സമർപ്പിക്കുകയുണ്ടായെങ്കിലും സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1) ലെ നിബന്ധനകൾ പാലിക്കാത്തതുമൂലം പുനർവായ്പ നബാർഡ് നൽകിയിരുന്നില്ല. എന്നാൽ ഗവൺമെന്റ് ഗ്യാരന്റിയോടുകൂടി പുനർവായ്പ നൽകാൻ നബാർഡ് വ്യവസ്ഥ വെച്ചതിന്റെ അടിസ്ഥാനത്തിൽ 24.11.2011 ലെ സ.ഉ (എം.എസ്) നം. 164/2011/സഹ നമ്പർ ഉത്തരവ് പ്രകാരം 500 കോടി രൂപയുടെ ഗ്യാരന്റി

| | | | |
|---|---|---|---|
| | | | സംസ്ഥാന ഗവണ്മെന്റ് നബാർഡിന് നൽകുകയും, ടി ഗ്യാരന്റി നൽകിയതിന്റെ അടിസ്ഥാനത്തിൽ 446.56 കോടി രൂപ പുനർവായ്പയായി സംസ്ഥാന ബാങ്കിന് ലഭിച്ചിട്ടുണ്ട്. ടി വായ്പ ഉൾപ്പെടെ 505.83 കോടി രൂപ സംസ്ഥാന സഹകരണ ബാങ്ക് കാർഷിക വായ്പകൾക്കായി ജില്ലാ ബാങ്കുകൾ മുഖേന നൽകിയിട്ടുണ്ട്. |
| (ബി) | നബാർഡ് പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന പുനർവായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സഹകരണ സംഘങ്ങൾ മുഖേന നൽകുന്നതിന് നബാർഡ് നൽകുന്ന പുനർവായ്പയ്ക്ക് 500 കോടി രൂപയുടെ ഗ്യാരന്റി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേ നൽകേണ്ട കാർഷിക വായ്പയ്ക്ക് പുനർ വായ്പ ലഭ്യമാക്കുന്നതിന് 500 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റി നൽകാൻ 24.11.2011 ലെ സ.ഉ (എം.എസ്) നം. 164/2011/സഹ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലാ സഹകരണ ബാങ്കിനും, സംസ്ഥാന സഹകരണ ബാങ്ക് പ്രത്യേകം വായ്പാ പരിധി നിശ്ചയിച്ച് നൽകുകയും നബാർഡ് 446.56 കോടി രൂപ പുനർവായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ